(ബി) അർഹതയില്ലാത്ത ആരേയും പോലീസ് കോൺസ്റ്റബിളായി നിയമിച്ചിട്ടില്ല.

(സി, ഡി) ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ അയച്ചു തരുന്ന ലിസ്റ്റിൽ നിന്നുമാണ് പോലീസ് കോൺസ്റ്റബിളുമാരെ തിരഞ്ഞെടുക്കുന്നത്. ഈ സമ്പ്രദായം ഇപ്പോൾ മാറ്റാൻ ഉദ്ദേശമില്ല.

പോലീസുകാരുടെ സ്ഥലം മാറ്റം

840 [1276] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

പോലീസ് ഉദ്യോഗസ്ഥൻമാർ ഒരു സ്റ്റേഷനിൽ ഒരു വർഷത്തിൽ കൂടുതൽ ജോലി നോക്കാതിരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

അപ്രകാരം ഒരു തീരുമാനം എടുത്തിട്ടില്ല.

പോലീസ് ഉദ്യോഗസ്ഥൻമാർ കൈക്കൂലി വാങ്ങുന്നതായി പരാതി

841 [1277] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

പോലീസ് ഉദ്യോഗസ്ഥൻമാർ കൈക്കൂലി വാങ്ങുന്ന വിവരം തെളിവുസഹിതം ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തിയാൽ പ്രസ്തുത ഉദ്യോഗസ്ഥൻമാർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുമോ?

ഉത്തരം

സ്വീകരിക്കും.

ഫൈൻ ആർട്സ് കോളേജിലെ വിദ്യാർത്ഥികളുടെ അറസ്റ്റ്

842 [1278] ശ്രീ. എസ്. തങ്കപ്പൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിലെ ഏതാനും വിദ്യാർത്ഥികളെ ഇക്കഴിഞ്ഞ ജനുവരി 25-ാം തീയതി പോലീസ് അറസ്റ്റു ചെയ്യുകയുണ്ടായോ;

(ബി) എങ്കിൽ അറസ്റ്റിനുള്ള കാരണം എന്തായിരുന്നു?

ഉത്തരം

(എ) അറസ്റ്റു ചെയ്യുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദ്യാർത്ഥികളെ പ്രിൻസിപ്പലിനേയും സ്റ്റാഫിനേയും ഓഫീസ് മുറിയിൽ ഘെരാവോ ചെയ്തുവയ്ക്കുകയും, തുടർന്ന് അക്രമപ്രവർത്തനങ്ങളും നടത്തുകയും ചെയ്തതിനാലാണ് അവരെ അറസ്റ്റു ചെയ്തത്.

പോലീസ് സ്റ്റേഷനുകൾക്കു കെട്ടിടം

843 [1285] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമളി, പെരുവന്താനം പോലീസ് സ്റ്റേഷനുകൾക്ക് പുതിയതായി കെട്ടിടം പണിയാൻ നടപടി സ്വീകരിക്കുമോ;

(ബി) പോലീസ് ഉദ്യോഗസ്ഥൻമാർക്കു വേണ്ടി ഈ പ്രദേശത്ത് കോർട്ടേഴ്സ് പണിയുന്നതിനു മുൻഗണന നൽകുമോ?

ഉത്തരം

(എ) ഈ സ്റ്റേഷനുകൾക്കു കെട്ടിടം പണിയുന്നതിനുവേണ്ട നടപടികളും പൊതുമരാമത്തുവകുപ്പു സ്വീകരിച്ചുവരുന്നു.

(ബി) ഇത് സാമ്പത്തിക ലഭ്യതയെ ആശ്രയിച്ചിരിക്കുന്നു.

പോലീസ് സേനയിലേക്കു നടന്ന റിക്രൂട്ട്മെന്റിൽ അഴിമതി

844 [1288] ശ്രീ. പി. ബി. അർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഏതാനും മാസങ്ങൾക്കുമുമ്പു സംസ്ഥാന പോലീസ് സേനയിലേക്കു നടന്ന റിക്രൂട്ട്മെന്റിലെ അഴിമതിയെ സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഉള്ള അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ബി) പരാതിയുടെ അടിസ്ഥാനത്തിലും അന്വേഷണത്തിന്റെ ഫലമായും ഗവൺമെന്റ് എന്തെല്ലാം നടപടികൾ ഇതിൽ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(സി) പരാതികൾ ഉന്നയിച്ച തിരുവനന്തപുരം യുവജനതാ നേതാക്കളായ പൂന്തുറ സോമൻ, മലയിൻകീഴ് ശശികുമാർ എന്നിവരെ പോലീസ് അകാരണമായി അറസ്റ്റു ചെയ്തു തിരുവനന്തപുരം ചാല പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി മർദ്ദിക്കുകയും അവരുടെ പേരിൽ കള്ളക്കേസുകൾ എടുക്കുകയും ചെയ്ത സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കു എതിരായി ഏതു രൂപത്തിൽ ശിക്ഷണ നടപടികൾ കൈക്കൊണ്ടു എന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly